ഭരണഭാഷ-മാതൃഭാഷ

**<u>മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,</u>**

**<u>തിരുവനന്തപുരം</u>**

**<u>( ആസിഫ് കെ യൂസഫ്, ഐ.എ.എസ്)</u>**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം - ജീവനകാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് ഭരണ സൗകര്യാർത്ഥവും അനുകമ്പാർഹമായ കാരണങ്ങളാലും സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ : എ.എച്ച്.ഡി/1728/2025-കെ3 | തീയതി:14-03-2025 |

പരാമർശം: ശ്രീമതി. ആരീഫാബീവി, നസീർ മൻസിൽ, ശാന്തിവിള, നേമം, തിരുവനന്തപുരം - ന്റെ, ബഹു. ഡയറക്ടർക്കുള്ള 10/03/2025 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ഡെസ്പാച്ച് സെക്ഷൻ കൈകാര്യം ചെയ്ത് വരുന്ന സീനിയർ ക്ലാർക്ക് ശ്രീ. സ്റ്റാൻലി വില്യം, അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് സമയബന്ധിതമായി തപാലുകൾ ഈ ഓഫീസിൽ നിന്നും ഡെസ്പാച്ച് ചെയ്യാനാകാത്തതുകാരണം ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും വാക്കാലുള്ള പരാതികൾ നിരന്തരമായി ലഭിക്കുന്നതിനെതുടർന്ന് ടിയാനെ അടിയന്തരമായി ഈ ഓഫീസിൽ നിന്നും സ്ഥലം മാറ്റുന്നതിനുള്ള ആവശ്യകത സംജാതമായിരിക്കുകയാണ്.

തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിയ്ക്കുന്നതിന് വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ശ്രീ. രാജു വി.ആർ (പെൻ : 757022), ശ്രീ. നസീർ ഹുസൈൻ എസ് (പെൻ : 227688) എന്നീ ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീ. രാജു വി.ആർ ന്റെ സ്ഥലംമാറ്റ അപേക്ഷയിൽ പറയുന്ന ആവശ്യങ്ങൾക്ക് ആസ്പദമായിട്ടുള്ള രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.

എന്നാൽ വാർദ്ധക്യസഹജമായ അസുഖങ്ങൾ കാരണം അവശയായ ശ്രീ. നസീർ ഹുസൈൻ എസ്, സീനിയർ ക്ലാർക്കിന്റെ മാതാവിന് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ

കഴിയാത്ത സാഹചര്യത്തിൽ ശ്രീ. നസീർ ഹുസൈൻ എസ്, സീനിയർ ക്ലാർക്കിന്റെ മാതാവ് തന്റെ മകൻ ശ്രീ. നസീർ ഹുസൈൻ എസ് - ന് തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം അനുവദിയ്ക്കുന്നതിന് മെഡിക്കൽ രേഖകൾ സഹിതം ബഹു. ഡയറക്ടർക്ക് പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിയ്ക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ചതിലും, ഭരണസൗകര്യാർത്ഥവും, അനുകമ്പാർഹമായ കാരണങ്ങളാലും മൃഗസംരക്ഷണ വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരെ ചുവടെ പറയും പ്രകാരം സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ. സ്റ്റാൻലി വില്ല്യം, 227726, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | ജില്ലാ മൃഗസംരക്ഷണ ഓഫീസ്, മലപ്പുറം. | (ശ്രീ. നസീർ ഹുസൈൻ എസ്, സീനിയർ ക്ലാർക്കിനെ സ്ഥലംമാറ്റിയ ഒഴിവിൽ) |
| 2 | ശ്രീ. നസീർ ഹുസൈൻ എസ്, 227688, ജില്ലാ മൃഗസംരക്ഷണ ഓഫീസ്, മലപ്പുറം. | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | (ശ്രീ. സ്റ്റാൻലി വില്ല്യം, സീനിയർ ക്ലാർക്കിനെ സ്ഥലംമാറ്റിയ ഒഴിവിൽ) |

മേൽപ്പറഞ്ഞ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനെ ഉടനടി വിടുതൽ ചെയ്ത് വിവരം ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ASIF K YUSUF I A S (803324)

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

Signed by
Asif K Yusuf
Date: 14-03-2025 17:26:40

സ്വീകർത്താവ് :

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന).

2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ, മലപ്പുറം.

3) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I & II.

4) സി.എ (ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / എസ്.എ.ഒ / എസ്.എഫ്.ഒ).

4) ഐ.ടി സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).

5) കരുതൽ ഫയൽ - കെ 3 സീറ്റ്.